24-5-19

**കേരള സർക്കാർ**

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ് -- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം - കലവറകൾ മുഖേന നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി ഇവ വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖ — ഭേദഗതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================

**ഭവന നിർമ്മാണ (എ) വകുപ്പ്**

സ.ഉ (സാധാ)നം. 23/2019/ഭവനം

തിരുവനന്തപുരം, തീയതി. 19/07/2019

===============================================

പരാമർശം:
1. 05.09.2009-ലെ സ.ഉ.(കൈ)നം.30/2009/ഭവനം
2. 02.02.2011-ലെ സ.ഉ.(സാധാ)നം.4/2011/ഭവനം
3. 13.06.2017-ലെ സ.ഉ.(സാധാ)നം.39/2017/ഭവനം
4. സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസറുടെ 10.04.2019-ലെ ടെക്/1317/10/കെ.എസ്.എൻ.കെ നമ്പർ കത്ത്
5. 03.07.2019-ലെ സ.ഉ.(സാധാ)നം.19/2019/ഭവനം

**<u>ഉത്തരവ്</u>**

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറയിൽ നിന്നും നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം പദ്ധതി നിർവ്വഹണ രേഖയും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടിവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖയിൽ പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്.

2) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന കലവറകൾ മുഖേന നിലവിൽ 750 ചതുരശ്ര അടി വരെ തറവിസ്തീർണ്ണമുള്ള വീട് വയ്ക്കുന്ന ബി.പി.എൽ ഗുണഭോക്താവിന് 15% സബ്സിഡി നിരക്കിൽ പരമാവധി 50 ബാഗ് സിമന്റും 500 കിലോ കമ്പിയും നൽകി വരുന്നുണ്ട്. എന്നാൽ ലൈഫ് മിഷൻ പദ്ധതിയ്ക്ക് കീഴിൽ ബി.പി.എൽ ഗുണഭോക്താക്കൾക്കൊപ്പം എ.പി.എൽ ഗുണഭോക്താക്കൾ കൂടി ഉൾപ്പെടുമെന്നതിനാൽ, സർക്കാരിന്റെ വിവിധ ഭവന പദ്ധതികൾ മുഖേന വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ വിഭാഗക്കാർക്ക് കൂടി കലവറകളിൽ നിന്നും സബ്സിഡി നിരക്കിൽ സിമന്റ്, കമ്പി എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസർ പരാമർശം (4) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കലവറകൾ മുഖേന കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിലേയ്ക്കായി പരാമർശം (1) ഉത്തരവിലെ അനുബന്ധം (3) ലെ 'വിൽപ്പന വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ' എന്ന ശീർഷകത്തിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## വിൽപ്പനവില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

70 ചതുരശ്ര മീറ്ററോ (750 sq.ft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും (BPL) 'ലൈഫ്' പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സിമന്റ്, കമ്പി വിൽപ്പന നടത്തുമ്പോൾ;

എ) നിർമ്മിതി കേന്ദ്രത്തിന് സാമഗ്രികൾ ലഭിക്കുന്ന വിലയിൽ നിന്നും പരമാവധി 15% വരെ വില കുറച്ച് സാമഗ്രികൾ നൽകാവുന്നതാണ്.

ബി) ഓരോ ഗുണഭോക്താവിനും പരമാവധി 50 ബാഗ് സിമന്റും 500 കിലോ കമ്പിയും നൽകാവുന്നതാണ്.

4) പരാമർശം (5) ലെ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ എസ് സുധ**

**അഡീഷണൽ സെക്രട്ടറി**

To

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും / എല്ലാ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്കും
ധനകാര്യ വകുപ്പ് / വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
റവന്യൂ വകുപ്പ് / പൊതുമരാമത്ത് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ